# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 503** **05.07.2012 -ലെ മറുപടി**

**കെ. എസ്. ആർ. ടി. സി. യെ കാര്യക്ഷമമാക്കുന്നതിനുള്ള പഠനറിപ്പോർട്ട്**

**ചോദ്യം** **ഉത്തരം**

ശ്രീ. എം. ഹംസ:
" എം. എ ബേബി :
" പി. റ്റി. എ. റഹീം :
ശ്രീമതി. പി. അയിഷാ പോറ്റി :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യെ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാനേജ്മെന്റ് ഏർപ്പെടുത്തിയ വർമ്മ ആന്റ് വർമ്മ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്നും റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്നും അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയെ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വർമ്മ ആന്റ് വർമ്മ പതിമൂന്ന് ഇന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച റിപ്പോർട്ട് 13.06.2012 -ൽ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ കെ.എസ്.ആർ.ടി.സി, മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.<br>റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓർഡിനറി സർവ്വീസുകളുടെ എണ്ണം കുറവുചെയ്യാനും ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസുകൾ നിർത്തിവെയ്ക്കാനുമുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് മാനേജ്മെന്റിന്റെയും സർക്കാരിന്റെയും നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ഓർഡിനറി സർവ്വീസ്സുകളുടെ എണ്ണം കുറവ് ചെയ്യാനുള്ള നിർദ്ദേശം റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. ലാഭകരമല്ലാത്ത റൂട്ടുകളിലെ സർവ്വീസുകൾ പൂർണ്ണമായി നിർത്തിവെയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.<br>എന്നാൽ പ്രസ്തുത സർവ്വീസുകളുടെ സമയം പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | കോർപ്പറേഷന്റെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന റിപ്പോർട്ടിലെ ശുപാർശ സംബന്ധിച്ച നിലപാട് എന്താണെന്ന് വിശദമാക്കുമോ; | (സി) | റിപ്പോർട്ടിലെ ശുപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ശമ്പളവും പെൻഷനും ബാങ്കുവഴി വിതരണം ചെയ്യാനുള്ള നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം ബാങ്ക് വഴി ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.<br>ശമ്പളവും പെൻഷനും ബാങ്ക് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രധാനപ്പെട്ട ബാങ്കുകളുടെ പ്രതിനിധികളും അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളും കോർപ്പറേഷനിലെ സീനിയർ ഉദ്യോഗസ്ഥൻമാരും ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചർച്ച നടത്തുകയും മൂന്ന് പൊതുമേഖലാ ബാങ്കുകളെ എംപാനൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബാങ്കുകളിൽ നിന്നും പുതുക്കിയ ഓഫറുകൾ ആരാഞ്ഞിരിക്കുകയുമാണ്. എത്രയും വേഗം ഇത് സംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

➢ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ പറയുന്നു.

1. കെ.എസ്.ആർ.ടി.സി. യുടെ അധീനതയിലുള്ള സ്ഥലത്തിന് ബുക്ക് വാല്യൂ മാത്രമാണ് ആസ്തിയായി കാണിക്കാൻ സാധിക്കുന്നത്. ആർ.ടി.സി. ആക്ട് 1950-ലെ ഇതുസംബന്ധിച്ചുള്ള വ്യവസ്ഥകൾ പരിഷ്കരിച്ച് യഥാർത്ഥ മാർക്കറ്റ് വില ആസ്തിയായി കാണിക്കുന്നത് മൂലം കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ച് കാണിക്കുന്നതിനും ആസ്തി - ബാദ്ധ്യത അനുപാതം ഉയർത്തുന്നതിനും സാധിക്കും.
2. സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരിക്കുന്ന 490.50 കോടി രൂപയുടെ വായ്പ ഇക്വിറ്റിയായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കണം. ഒപ്പം കെ.ടി.ഡി.എഫ്.സി. യിൽ നിന്നും വാങ്ങുന്ന വായ്പയുടെ പലിശ നിരക്ക് രണ്ട് ശതമാനം എങ്കിലും കുറയ്ക്കണം. അന്താരാഷ്ട്ര മുൻനിര ബാങ്കുകൾ ആയ World Bank, Asian Development Bank, Japan Bank of International Co-operation തുടങ്ങിയവയിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭ്യമാക്കണം.
3. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിനായി, സർക്കാർ ഗ്രാന്റ് / സബ്സിഡി ലഭ്യമാക്കണം.
4. സർക്കാർ അനുവാദത്തോടുകൂടി ഉയർന്ന നിരക്കിലുള്ള ടിക്കറ്റുകൾക്ക് Cess ഏർപ്പെടുത്തുക.
5. മനുഷ്യപ്രയത്നവും, തൊഴിലാളി - ബസ് അനുപാതവും പരിശോധനയ്ക്ക് വിധേയമാക്കുക. ആകർഷകമായ വി.ആർ.എസ് നടപ്പാക്കുക.
6. മാനേജ്മെന്റിൽ പ്രോഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുക.
7. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുക. ഇതിനായി ഓരോ തലത്തിലും കി.മീറ്റർ പ്രതി വരുമാനം, ബസ് പ്രതി വരുമാനം, കി.മീറ്റർ പ്രതി ഡീസൽ, ബസ് പ്രതി ജീവനക്കാർ എന്നിവ കണക്കാക്കി ബഡ്ജറ്റും ലക്ഷ്യവും കണക്കാക്കുക.
8. ദീർഘദൂര സർവ്വീസുകൾ ആകെയുള്ള ബസുകളുടെ 22% എന്നത് വർദ്ധിപ്പിച്ച് 50% ആക്കുക. ബസ് പ്രതി യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക. On-line, Mobile ബുക്കിംഗ് സമ്പ്രദായം കാര്യക്ഷമവും സാർവ്വത്രികവുമാക്കുക.
9. ബസുകളുടെ off-road എണ്ണം ഗണ്യമായി കുറയ്ക്കുക. കി.മീറ്റർ പ്രതി ലിറ്റർ ഡീസൽ ഉപഭോഗം 4.25 എന്നത് 5 ആക്കുക.
10. നിലവിലുള്ള കോർപ്പറേഷൻ വക വസ്തുക്കളിൽ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുക.
11. ബസുകളുടെ നിയന്ത്രണത്തിനും കാര്യക്ഷമമായ സർവ്വീസ് ഓപ്പറേഷനും അനുയോജ്യമായ കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കുക. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുക.
12. എല്ലാ വിഭാഗം ജീവനക്കാർക്കും ആധുനിക രീതിയിലുള്ള ട്രെയിനിംഗ് നൽകുക.
13. സാമൂഹ്യ ബാധ്യത ഇനത്തിൽ കോർപ്പറേഷന് ചിലവാകുന്ന തുകയ്ക്ക് ഗവൺമെന്റ് സഹായം നൽകുക.

(signature)

**സെക്ഷൻ ഓഫീസർ**